**ഇന്ത്യാ സ്കിൽസ് കേരള 2023 ന്റെ പ്രമോഷൻ / പബ്ലിസിറ്റിയുമായി ബന്ധപ്പെട്ട് 24.02.2023 തീയതിയിൽ അഡീഷണൽ ഡയറക്ടർ ശ്രീ കെ പി ശിവശങ്കരൻ അവർകളുടെ അധ്യക്ഷതയിൽ നടന്ന ഓൺ ലൈൻ മീറ്റിംഗിന്റെ മിനിട്ട്സ്**

**പങ്കെടുത്തവർ**

1. ശ്രീമതി മിനി മാത്യു , ഡി.ഡി.(റ്റി)
2. എല്ലാ ജില്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ

മീറ്റിംഗ് 12.00 ന് ആരംഭിച്ചു.

ഇന്ത്യാ സ്കിൽസ് കേരള 2023 ന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എ.ഡി.റ്റി വിശദീകരിച്ചു.

ഏപ്രിൽ 10, 11, 12, 13 തീയതികളിലായി ജില്ലാ മത്സരങ്ങളും ഏപ്രിൽ 27, 28, 29 തീയതികളിലായി സോണൽ മത്സരങ്ങളും, മെയ് മാസത്തിൽ സംസ്ഥാന തല മത്സരങ്ങളും നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായും ആയതിന്റെ പ്രാഥമിക നടപടികൾ നടന്നു വരുന്നതായും എ.ഡി.റ്റി അറിയിച്ചു.

ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഡയറക്ടറേറ്റിൽ നിന്നും നൽകുന്നതായിരിക്കും.

ഇന്ത്യാ സ്കിൽസ് കേരള 2023 ന്റെ രജിസ്ട്രേഷൻ നടപടികൾക്കായുള്ള പോർട്ടൽ മാർച്ച് 01 ന് ലോഞ്ച് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

പ്രോഗ്രാമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്ന നിലയിൽ പ്രമോഷണൽ ആക്ടിവിറ്റീസ് നെ ബൂസ്റ്റ് അപ്പ് ചെയ്യാനുള്ള നടപടികൾ ജില്ലാതലത്തിൽ ആരംഭിക്കുകയും ആയതിലേക്ക് കുട്ടികളെ സജ്ജമാക്കുകയും Theme Song, Logo എന്നിവ തയ്യാറാക്കുകയും വേണം.

- ഇന്ത്യാ സ്കിൽസ് കേരള 2023 മായി ബന്ധപ്പെട്ട് പ്രാദേശിക മാധ്യമങ്ങളിൽ പരസ്യം നൽകണം. ഈ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചർച്ച ചെയ്യുന്നതിനായി ഐ.ടി. മാരുടെ യോഗം വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അറിയിപ്പ് പിന്നാലെ നൽകുന്നതാണ്.
- ഐ.ടി.ഐ ട്രേഡുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം ലഭ്യമാകുന്ന വിധത്തിൽ Working Models, Trade –കൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി മികച്ച രീതിയിൽ Exhibition നടത്തുവാൻ ബഹു. മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

- ഇന്ത്യാ സ്കിൽസ് കേരള 2023 ന്റെ പ്രമോഷനുമായി ബന്ധപ്പെട്ട് നോഡൽ ഐ.ടി.ഐ കൾ സ്വീകരിക്കേണ്ട നടപടികൾ ശ്രീമതി മിനിമാത്യു, ഡി.ഡി.(റ്റി) വിശദീകരിച്ചു.
- മാർച്ച് 1 ന് തന്നെ പോർട്ടൽ സജ്ജമാക്കി രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കണം.

ഈ പ്രോഗ്രാമിനായി ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള പബ്ലിസിറ്റി കമ്മിറ്റി ആക്ടിവേറ്റ് ചെയ്ത് ഓരോ പ്രോഗ്രാം സ്റ്റാർട്ട് ചെയ്യണം. രജിസ്ട്രേഷൻ, പോർട്ടൽ, ഡേറ്റ് എന്നീ ഡീറ്റെയ്ൽസ് ഉൾപ്പെട്ട പരസ്യം ജില്ലകളുടെ എല്ലാ മേഖലകളും എത്തിക്കുകയും ആയത് ഉറപ്പാക്കുകയും വേണം.

ഫ്ലാഷ് മോബ് എല്ലാ ജില്ലകളിലും നോഡൽ ഐ.ടി.ഐ യുടെ നേതൃത്വത്തിൽ ചെയ്യണം. ആയതിലേക്ക് കുട്ടികളെ സെലക്ട് ചെയ്ത് ടീം ഫോം ചെയ്ത് പൊതുജനങ്ങളെ ആകർഷിക്കുന്ന രീതിയിൽ പ്രഫഷണലായി ക്രമീകരിക്കണം.

- പോസ്റ്റർ, ബാനർ എന്നിവ പ്രിന്റഡ് ആയോ ഡിസൈൻ ആയോ നോഡൽ ഐ.ടി.ഐ യിൽ എത്തിക്കും. നോഡലിൽ നിന്നും ആയത് പ്രിന്റ് ചെയ്ത് ജില്ലയിൽ എല്ലായിടത്തും എത്തിക്കണം. Pvt ITI, SCDD, STDD ഐ.ടി.ഐ കളുടെ സഹകരണത്തോടെ ഈ കാര്യങ്ങൾ നിർവഹിക്കേണ്ടതാണ്. ആയതിലേക്കുള്ള ഫണ്ട് M/s KASE -ൽ നിന്നും ലിക്വിഡ് മണിയായി നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ നടപടികൾ തുടർന്നു വരുന്നു.
- തിരുവനന്തപുരം, കണ്ണൂർ, കളമശ്ശേരി, കോഴിക്കോട് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പ്രോഗ്രാമിന്റെ തുടർപ്രവർത്തനങ്ങക്കാവശ്യമായി വരുന്ന ചെലവിനായി ആവശ്യമായ ഫണ്ട് എത്രയും വേഗത്തിൽ ലഭ്യമാക്കണമെന്ന് അറിയിച്ചു.
- ഇതിന് മറുപടിയായി ഫണ്ട് ആവശ്യമായ വരാത്ത എല്ലാ പ്രവർത്തനങ്ങളും പ്രാരംഭ ഘട്ടത്തിൽ ചെയ്ത് തീർക്കണമെന്നും ഇതിനാവശ്യമായ കമ്മിറ്റികൾ രൂപീകരിക്കണം, ഫ്ലാഷ് മോബിനായി ട്രെയിനിംഗ് നൽകണം. ട്രേഡുകളിലാവശ്യമായ മെയിന്റനൻസുകൾ ചെയ്ത് തീർക്കണം എന്നും ശ്രീമതി മിനി മാത്യു, ഡി.ഡി.(റ്റി) അറിയിച്ചു.

മീറ്റിംഗ് 12.45 ന് അവസാനിച്ചു.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്